"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) - ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1545/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നമ്പർ 970/2024/തസ്വഭവ തീയതി 04.06.2024.
2. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 23/04/2025ലെ KURDFC/141/2025-A2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ആയിരുന്ന ശ്രീ. മനോജ് ടി.യെ പരാമർശം (1) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.യുടെ ഡയറക്ടർ ബോർഡിലേക്ക് അംഗമായി ഉൾപ്പെടുത്തിയിരുന്നു. ശ്രീ. മനോജിന് Leave Preparatory to Retirement അനുവദിച്ചു നൽകിയിരുന്നതിനാൽ അദ്ദേഹത്തിന് പകരം പുതിയ പ്രതിനിധിയെ കെ.യു.ആർ.ഡി.എഫ്.സി ഡയറക്ടർ ബോർഡിലേക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ആയിരുന്ന ശ്രീ. മനോജ് ടി.ക്ക് പകരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രതിനിധിയായി ജോയിന്റ് സെക്രട്ടറി ശ്രീമതി. ലാലി കെ.യെ കെ.യു.ആർ.ഡി.എഫ്.സി.യുടെ ഡയറക്ടർ ബോർഡ് അംഗമായി ഉൾപ്പെടുത്തി ബോർഡ് പുന:സംഘടിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം
ശ്രീമതി. ലാലി കെ., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എ.) കേരളം തിരുനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ്ബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/67/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 23-06-2025 14:54:46